**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1788** **02-02-2024 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെ നിർമ്മാണ പ്രവൃത്തികളും പുതിയ കോഴ്സുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ (ഐ.എച്ച്.ആർ.ഡി.) രണ്ടാം നിലയുടെ നിർമ്മാണത്തിനും ആകർഷകമായ ന്യൂജനറേഷൻ കോഴ്സുകൾ പുതുതായി അനുവദിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് നടത്തി വരുന്നത്. ഐ.എച്ച്.ആർ.ഡി യുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ രണ്ടാം നിലയുടെ നിർമ്മാണം പൂർത്തിയാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.<br><br>നിലവിലുള്ള കോഴ്സുകൾക്ക് പുറമെ ന്യൂ ജനറേഷൻ കോഴ്സുകളായ ബി.എ ജേർണലിസം വിത്ത് സ്പെഷ്യലൈസേഷൻ ഇൻ വിഷ്വൽ മീഡിയ, ബി.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റ അനാലിസിസ് എന്നീ കോഴ്സുകൾ 2023-24 അധ്യയന വർഷം മുതൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുന്നതിന് ചെറുകിട മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (ബി) | മാലിന്യ സംസ്കരണ പ്ലാന്റ് കോളേജ് ക്യാമ്പസിൽ നിർമ്മിക്കുന്നത് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്താൻ പാട്യം ഗ്രാമപഞ്ചായത്തിൽ കോളേജ് പ്രിൻസിപ്പൽ അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ